# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1001** — **01/03/2017** -ലെ മറുപടി

# കാളിപ്പാറ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. സി.കെ.ഹരീന്ദ്രൻ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | മലയോര മണ്ഡലമായ പാറശ്ശാലയിലെ വിവിധ ഭാഗങ്ങളിൽ സുഗമമായി ജലവിതരണം നടത്തുന്നതിനായി ആരംഭിച്ച കാളിപ്പാറ കുടിവെള്ള പദ്ധതി ഇന്ന് സ്തംഭനാവസ്ഥയിലാണ് എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കാളിപ്പാറ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്ത് ശുദ്ധജലവിതരണം നടത്തി വരുന്നു. എന്നാൽ റെയിൽവേ ക്രോസിങ് അനുമതി ലഭിക്കാത്തതിനാൽ കാളിപ്പാറ പദ്ധതിയിൽ നിന്നും നെയ്യാറ്റിൻകര മുതലുള്ള പ്രദേശത്ത് കുടിവെള്ളം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ പൊൻവിളയിൽ സ്ഥലം ലഭ്യമായിട്ടില്ല. അതേ സമയം കൊല്ലയിൽ, പാറശ്ശാല പഞ്ചായത്തുകൾക്കുവേണ്ടി നെയ്യാറ്റിൻകര തൊഴുക്കൽ ഭാഗത്തു നിന്നും റെയിൽവേ ക്രോസിംഗ് ഒഴിവാക്കി ഒരുപുതിയ പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജലവിതരണം നടത്തുവാൻ വേണ്ടിയുള്ള സർവ്വേ നടപടികൾ നടന്നു വരുന്നു. |
| (ബി) | കാളിപ്പാറ പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | റെയിൽവേ അധികാരികളുമായി നിരന്തരം ബന്ധപ്പെട്ടിട്ടും റെയിൽവേ ക്രോസിങ് അനുമതി ലഭ്യമായിട്ടില്ല. കൂടാതെ ഭൂതലജല സംഭരണി, സംപ് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പൊൻവിളയിൽ ലഭ്യമാക്കേണ്ടതുണ്ട്. അതിനുവേണ്ടി പുതിയ ലാന്റ് റിക്വസിഷൻ അപേക്ഷ കളക്ടറേറ്റിൽ 16/12/2016-ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കൊല്ലയിൽ, പാറശ്ശാല പഞ്ചായത്തുകൾക്കുവേണ്ടി നെയ്യാറ്റിൻകര തൊഴുക്കൽ ഭാഗത്തു നിന്നും ഒരു പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള സർവ്വേ നടപടികൾ നടന്നു വരുന്നു. |

(സി) പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ചെറുതും വലുതുമായ കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ പ്രവർത്തനക്ഷമതയും ഇനം തിരിച്ച് വ്യക്തമാക്കുമോ?

(സി) പാറശ്ശാല നിയോജക മണ്ഡലത്തിലുൾപ്പെടുന്ന പരശുവയ്ക്കൽ വില്ലേജിലെ വണ്ടിച്ചിറ കുളത്തിന്റെ പുനരുദ്ധാരണവും, കാളിപ്പാറ പദ്ധതിയുടെ ഭാഗമായ 2.4 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ പണികളും, ജലശുദ്ധീകരണശാലയിൽ നിന്നും നിലവിലെ ഉപരിതലജലസംഭരണികളിലേയ്ക്കുള്ള 300 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പ്ലൈനിന്റെ പണികളും, ഉപരിതലജലസംഭരണിയിൽ നിന്നും പാറശ്ശാല വരെയുള്ള പൈപ്പ് ലൈനിന്റെ പണികളുമാണ് ഈ മണ്ഡലത്തിൻ കീഴിൽ നടന്നു വരുന്നത്. കൂടാതെ 80% പൂർത്തീകരിച്ച ഇഞ്ചിവിള വാട്ടർ സപ്ലൈ സ്കീം, KSEB കണക്ഷൻ മാത്രം പൂർത്തീകരിക്കാനുള്ള നടുങ്കോട് വാട്ടർ സപ്ലൈ സ്കീം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ